**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നം. 6469** **21.11.2019 ലെ മറുപടിക്ക്**

**വിദ്യാഭ്യാസലോണുകൾക്ക് മോറട്ടോറിയം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ.മുഹമ്മദ് മുഹസിൻ. പി. | പിണറായി വിജയൻ<br>മുഖ്യമന്ത്രി |
| (എ) വിദ്യാഭ്യാസ ലോണുകൾക്ക് മോറട്ടോറിയം നിലവിലുണ്ടോ; പ്രസ്തുത ലോണുകൾക്ക് ഏതെങ്കിലും തരത്തിലുള്ള ഇളവുകൾ അനുവദിച്ചിട്ടുണ്ടോ ; | (എ) ഈ വർഷം ആഗസ്റ്റ് മാസമുണ്ടായ പ്രളയത്തെ തുടർന്ന് പ്രളയദുരിതാശ്വാസ നടപടികളുടെ ഭാഗമായി പ്രളയബാധിതരുടെ നിഷ്ക്രിയ ആസ്തികളല്ലാത്ത വിദ്യാഭ്യാസ വായ്പകൾക്ക് ആറുമാസത്തേക്ക് മോറട്ടോറിയം ഏർപ്പെടുത്തുന്നതിനും അർഹതപ്പെട്ടവർക്ക് വായ്പ പുനഃക്രമീകരണം അനുവദിക്കുന്നതിനും 03.09.2019 ൽ കൂടിയ സംസ്ഥാനതല ബാങ്കേഴ്സ് സമിതിയുടെ പ്രത്യേക യോഗം തീരുമാനിച്ചിട്ടുണ്ട്.<br><br>രക്ഷകർത്താക്കളുടെ വരുമാന പരിധി പ്രതിവർഷം നാലരലക്ഷം രൂപ വരെയുള്ളവരുടെ പഠനകാലയളവിലെ വിദ്യാഭ്യാസ വായ്പയുടെ പലിശ സെൻട്രൽ സെക്ടർ ഇന്ററസ്റ്റ് സബ്സിഡി സ്കീം 2009 പ്രകാരം കേന്ദ്രസർക്കാർ വഹിക്കുന്നുണ്ട്. |

(ബി) ഉണ്ടെങ്കിൽ ഇളവ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ?

(ബി) പ്രളയബാധിതരുടെ വിദ്യാഭ്യാസവായ്പയുടെ മോറട്ടോറിയത്തിനും വായ്പാപുനഃക്രമീകരണത്തിനുമായും സെൻട്രൽ സെക്ടർ ഇന്ററസ്റ്റ് സബ്സിഡി സ്കീം പ്രകാരമുള്ള പലിശ സബ്സിഡിക്കായും ബന്ധപ്പെട്ട ബാങ്കിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

സെക്ഷൻ ഓഫീസർ